(ബി) കേരള പോലീസ് മാനുവലിൽ എ. എസ്. ഐ.-മാരുടെ ജോലി പ്രത്യേകമായി നിഷ്കർഷിച്ചിട്ടില്ല. എന്നാൽ സർക്കാർ ഉത്തരവ് ജി. ഒ. (എംഎസ്.) 217/73/ആഭ്യ. തീയതി 19-12-1993-ന്റെ അടിസ്ഥാനത്തിൽ പി. എച്ച്. ക്യൂ.-ൽ നിന്നും പുറത്തിറക്കിയ സർക്കുലർ 15/76ൽ എ. എസ്. ഐ.-മാരുടെ ജോലികൾ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.†

(സി) എ. എസ്. ഐ.-തസ്തികകൾ നിലവിലുള്ള ടെക്നിക്കൽ വിഭാഗത്തിൽ പ്രമോഷൻ നടത്തുന്നുണ്ട്. വനിതാ പോലീസിൽ എ. എസ്. ഐ. തസ്തിക നിലവിലില്ല.

റാന്നി കേന്ദ്രമായി പോലീസ് സബ്ഡിവിഷൻ

19 [5848] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല പോലീസ് സബ്ഡിവിഷന്റെ വിസ്തീർണ്ണം എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) റാന്നി താലൂക്കിൽ എത്ര പോലീസ് സ്റ്റേഷനുകളും സർക്കിൾ ഇൻസ്പെക്ടർ ഓഫീസുകളും നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(സി) റാന്നി കേന്ദ്രമായി ഒരു പോലീസ് സബ്ഡിവിഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 24818 സ്കയർ ഹെക്ടർ വിസ്തീർണ്ണം ഉണ്ട്.

(ബി) റാന്നി താലൂക്കിൽ 7 പോലീസ് സ്റ്റേഷനുകളും 4 സർക്കിൾ ഓഫീസുകളുമുണ്ട്.

(സി) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

മഞ്ചേരി അരീക്കോട് പോലീസ് സ്റ്റേഷനുകളിലെ മോഷണക്കേസുകൾ

20 [5850] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി അരീക്കോട് പോലീസ് സ്റ്റേഷനുകളിൽ കഴിഞ്ഞവർഷം എത്ര മോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേരെ ഇതുവരെയായി അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) ശേഷിക്കുന്ന കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യാത്തത് എന്തു കൊണ്ട്;

(ഡി) ഇതിന്റെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഞ്ചേരി — 35 കേസുകൾ
അരീക്കോട് — 13 കേസുകൾ

(ബി) മഞ്ചേരി പോലീസ് സ്റ്റേഷനിലെ 6 കേസിൽ 9 പ്രതികളെയും അരീക്കോട് പോലീസ് സ്റ്റേഷനിലെ 3 കേസിൽ 5 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി, ഡി) പ്രതികളെക്കുറിച്ച് വ്യക്തമായ അറിവ് ലഭിക്കാത്തതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടത്തി വരികയാണ്.

കാസർഗോഡ് ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റിനെ ആക്രമിച്ചതുമായി ബന്ധപ്പെട്ട കേസുകൾ

21 [5851] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. മൊയ്തീൻ കുഞ്ഞിയെ നിരന്തരമായി ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മേൽ കേസുകളുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് ഡി.വൈ.എസ്.പി. ഓഫീസിൽ 39/കെ.ജി.വി./02 നമ്പരായി റൗഡി ലിസ്റ്റ് തയ്യാർ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മേൽ ലിസ്റ്റിൽ ആരൊക്കെയാണ് ഉള്ളതെന്ന് അറിയിക്കുമോ;

(ഡി) മേൽ ലിസ്റ്റിൽ ഉള്ളവർ ഉൾപ്പെട്ടിട്ടുള്ളതും ബേക്കൽ പോലീസ് രജിസ്റ്റർ ചെയ്തതുമായ ഏതെങ്കിലും കേസ് പിൻവലിക്കുന്നതിന് നടപടികളെടുത്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2 കേസുകൾ.

(ബി) ഉണ്ട്.

(സി) (1) ഇല്ല്യാസ്, എസ്./ഒ. മുഹമ്മദ്, എസ്./ഒ. മുഹമ്മദ് കുഞ്ഞി (2) തോട്ടത്തിൽ നിസ്സാർ, എസ്./ഒ. മുഹമ്മദ് കുഞ്ഞി (3) അബ്ദുൾ റഹിമാൻ, എസ്./ഒ. മുഹമ്മദ് (4) ഖത്തർ ലത്തീഫ്, എസ്./ഒ. ഇബ്രാഹിം ഹാജി (5) അബ്ദുള്ള കുഞ്ഞി, എസ്./ ഒ. മൊയ്തീൻ കുഞ്ഞി (6) ഷാഫി, എസ്./ഒ. മൊയ്തീൻ കുഞ്ഞി ഹാജി (7) അബ്ദുൽ റഹിമാൻ, എസ്./ഒ. അഹമ്മദ് കുഞ്ഞി (8) അഷറഫ്, എസ്./ഒ. മാമു.

(ഡി) മേൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ പ്രതികളായിട്ടുള്ള 4 കേസുകൾ പിൻവലിക്കുന്നതിന് അപേക്ഷ ലഭിച്ചിരുന്നു. (ബേക്കൽ പി. എസ്. ക്രൈം നം. 305/2000, 322/2000, 117/2001, 503/01) ഇതിൽ 503/01 നമ്പർ കേസ് പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു കേസുകളുടെ അപേക്ഷകൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly